**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 456 — 24.10.2016 ൽ മറുപടിക്ക്

## ഇൻഫർമേഷൻ ടെക്നോളജി നയം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി സി.കെ. ആശ**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി നയം വ്യക്തമാക്കുമോ; | (എ) ഈ സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിന്റെ കരട് രൂപരേഖ അന്തിമഘട്ടത്തിലാണ്. ഐ.ടി. മേഖലയിലെ വിപുലമായ വ്യവസായ സാധ്യതകൾ പരിഗണിച്ച കൊണ്ട് ഈ മേഖലക്ക് പ്രത്യേക പ്രാധാന്യം നൽകി ദേശീയ-അന്തർദേശീയ കമ്പനികളുൾപ്പെടെയുള്ള ഐ.ടി. സംരംഭകരെ ഇവിടേയ്ക്ക് ആകർഷിക്കത്തക്ക-വിധമാണ് ഐ.ടി. നയം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കരട് രൂപരേഖ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽ നിന്നും മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സിൽ നിന്നുമുള്ള അഭിപ്രായ-ങ്ങൾ കൂടി സ്വീകരിച്ചതിനു ശേഷം അന്തിമ ഐ.ടി. നയം പ്രഖ്യാപിക്കുന്നതാണ്. |
| (ബി) ടെക്നോപാർക്ക്, ഐ. ടി. മിഷൻ എന്നിവ സ്ഥാപിച്ചതോടെ ഐ. ടി. മേഖലയിൽ നല്ല തുടക്കം കിട്ടിയെങ്കിലും കർണാടകം, തമിഴ് നാട് തുടങ്ങിയ | (ബി) ഇ-ഗവേണൻസ് മേഖലയിൽ ഇന്ത്യയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. എൻ.ഐ.സി-യുടെ ഇ-താൾ വെബ്സൈറ്റ് പ്രകാരം ഇ-ഗവേണൻസ് ഇടപാടുകളുടെ എണ്ണം എടുത്താൽ കേരളം മൂന്നാം |

സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഐ. ടി. മേഖലയിൽ ഒരു പരിധിക്കപ്പുറം കേരളത്തിന് വളരാനാകാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

സ്ഥാനത്താണ്.

അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടിയ വൻകിട കമ്പനികൾക്ക് ടയർ-1 സിറ്റികളിലുള്ള പ്രാതിനിധ്യം കേരളത്തിന് ലഭ്യമാകുന്നില്ല എന്നതും സംസ്ഥാനത്തെ സ്വകാര്യ ഐ.ടി ഡെവലപ്പേഴ്സിന്റെ അഭാവവും കേരളത്തിലെ ഐ.ടി മേഖലയുടെ വികസനത്തെ ബാധിക്കുന്നുണ്ട്. സ്ഥലദൗർലഭ്യവും, സംസ്ഥാനത്തെ മികച്ച പൊതു ഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തതയും, പൊതു-സ്വകാര്യ മേഖലകളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനം കൈവരിച്ചിട്ടില്ല എന്നതും വികസനത്തെ ബാധിക്കുന്നുണ്ട്.

(സി) ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ തുടർന്നു കൊണ്ട് സംസ്ഥാനത്തെ ഐ.ടി. മേഖലയെ പരിപോഷിപ്പിക്കുവാനും കൂടുതൽ ഐ.ടി. സംരംഭങ്ങളെ ഇവിടേയ്ക്ക് ആകർഷിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുക.

Manoharan

സെക്ഷൻ ഓഫീസർ